**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *55** **01.12.2015-ൽ മറുപടിയ്ക്ക്**

## ആദിവാസി മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസം

**ചോദ്യം**
**ശ്രീ.ആർ.രാജേഷ്**
**ശ്രീ.സി.കൃഷ്ണൻ**
**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ.എ.എം.ആരിഫ്**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള പരിമിതികൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | മുപ്പത്തൊന്ന് ശതമാനത്തോളം പട്ടികവർഗ്ഗക്കാർ താമസിയ്ക്കുന്നത് ദുർഘട വനമേഖലയിലാണ്. തന്മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ അവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.<br>പ്രസ്തുത പരിമിതികൾ തരണം ചെയ്ത് മികച്ച വിദ്യാഭ്യാസം അവർക്ക് ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ എന്നിവ സ്ഥാപിച്ചതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിദൂര പ്രദേശങ്ങളിൽ താമസിയ്ക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോയി വരുന്നതിനായി 'ഗോത്രസാരഥി' പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) | ട്രൈബൽ യൂണിവേഴ്സിറ്റിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ; | ബി) | സ്ഥലം കണ്ടെത്തി പ്രാഥമിക നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

| | | | |
|---|---|---|---|
| സി) | ആദിവാസി സമൂഹത്തിന് ആവശ്യമായ വിദ്യാഭ്യാസം ലഭ്യമാക്കാത്തത് ഈ വിഭാഗത്തിന് സാമൂഹികമായി മുന്നേറുന്നതിന് വിഘാതമാകുന്നതായി കരുതുന്നുണ്ടോ; | സി) | സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകുന്നതിന് ഉതകുന്ന നിരവധി പരിപാടികളും പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br>മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ സൗകര്യം ഗോത്ര സാരഥി, വിദ്യോദയം പദ്ധതികളിലൂടെ വിദ്യാഭ്യാസത്തിന് എല്ലാവിധ സൗകര്യങ്ങളും പട്ടികവർഗ്ഗ സമൂഹത്തിന് ഇതിനകം തന്നെ നൽകിയിട്ടുണ്ട്. കൂടാതെ നഴ്സറി തലം മുതൽ ഉന്നതമായ വിദ്യാഭ്യാസത്തിന് വരെ സാമ്പത്തിക ധനസഹായം സർക്കാർ നൽകി വരുന്നുണ്ട്. ഈ സൗകര്യങ്ങളിലൂടെ സാമൂഹികമായ വലിയ മുന്നേറ്റം പട്ടികവർഗ്ഗ സമൂഹത്തിന് നേടുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ഡി) | പ്രസ്തുത മേഖലയിൽ വിദ്യാഭ്യാസ മുന്നേറ്റത്തിനായി ചെലവഴിക്കുന്ന തുക ഈ ആവശ്യങ്ങൾക്കായി തന്നെ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോ? | ഡി) | ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാ ഓഫീസർമാർ മുഖാന്തിരം ഉറപ്പ് വരുത്താറുണ്ട്. കൂടാതെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതുൾപ്പെടെയുള്ള എല്ലാ ചെലവുകളുടെയും മോണിട്ടിറിംഗ് വകുപ്പ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ